5

ആഗസ്റ്റ് 2020
ബുധൻ
1195 കർക്കടകം 21 1441 ദുൽ ഹജ്ജ് 15

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 27 •ലക്കം 137 •പേജ് 4 •വില: 5 രൂപ

30 years of Excellence
advent
MARBLES & SANITARY WARE
E-mail: adventmarbles@gmail.com www.adventmarbles.in
N.H. ROAD, THALIPADUPPU, KASARAGOD. Ph: 04994-221633

കടലിൽ ചാടിയ പോക്സോ കേസ് പ്രതിയുടെ ജഡം ഉഡുപ്പിയിൽ കരക്കടിഞ്ഞു

കാസർകോട്: തെളിവെടുപ്പിനിടയിൽ കടലിൽ ചാടിയ പോക്സോ കേസിലെ പ്രതിയുടെ മൃതദേഹം കരക്കടിഞ്ഞു. ഉഡുപ്പിക്കടപ്പുറത്തു ഇന്നു രാവിലെയാണ് മൃതദേഹം കരക്കടിഞ്ഞത്. കൈയിൽ ഉണ്ടായിരുന്ന കൈയ്യാമവും വസ്ത്രവും കണ്ടാണ് മൃതദേഹം തിരിച്ചറിഞ്ഞത്. ഉഡുപ്പി പൊലീസ് നൽകിയ വിവരത്തെ തുടർന്ന് കാസർകോട് പൊലീസ് ഇന്നുച്ചയോടെ ഉഡുപ്പിയിലേയ്ക്ക് പോയിട്ടുണ്ട്.

16 കാരിയുടെ കുളിമുറി ദൃശ്യങ്ങൾ മൊബൈൽ ക്യാമറയിൽ പകർത്തിയെന്ന കേസിലെ പ്രതിയായ കൂഡ്ലു, കാളിയങ്ങാട്ടെ മഹേഷ് കഴിഞ്ഞ മാസം 22ന് രാവിലെയാണ് കസബ കടപ്പുറത്ത് വച്ച് കടലിൽ ചാടിയത്. കേസിന്റെ തെളിവെടുപ്പിനു എസ് ഐയുടെ നേതൃത്വത്തിലാണ് പ്രതിയെ കടപ്പുറത്ത് എത്തിച്ചത്. ഇതിനിടയിൽ മഹേഷ് കൈയ്യാമത്തോടെ കടലിൽ ചാടുകയായിരുന്നു. എസ് ഐയും ഒരു പൊലീസുകാരനും കൂടെ ചാടിയെങ്കിലും നാട്ടുകാരും സഹപ്രവർത്തകരും ചേർന്നു രക്ഷപ്പെടുത്തുകയായിരുന്നു. സംഭവത്തിനു ശേഷം മുങ്ങൽ വിദഗ്ദ്ധർ അടക്കമുള്ളവരെ സ്ഥലത്ത് എത്തിച്ച് തെരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. വലിയ അടിയൊഴുക്കുള്ള ഭാഗത്താണ് മഹേഷ് ചാടിയിരുന്നത്.

അതിനാൽ മറ്റെവിടെയെങ്കിലും കരക്കടിയാൻ സാധ്യത ഉണ്ടെന്നു നാട്ടുകാർ പറഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ യുവാവിനെ കാണാതായതായുള്ള വിവരം കാസർകോട് പൊലീസ് കർണ്ണാടക പൊലീസിനെ അറിയിച്ചിരുന്നു. പിന്നാലെയാണ് മൃതദേഹം കരക്കടിഞ്ഞത്.

മുലപ്പാൽ തൊണ്ടയിൽ കുടുങ്ങി നാലുദിവസം പ്രായമായ കുട്ടി മരിച്ചു

നീർച്ചാൽ: മുലപ്പാൽ തൊണ്ടയിൽ കുടുങ്ങി നാലു ദിവസം പ്രായമുള്ള കുട്ടി മരിച്ചു.

ബേള മജിർപള്ളക്കട്ടയിലെ ദേവപ്പ- വിജയലക്ഷ്മി ദമ്പതികളുടെ മകളാണ് മരിച്ചത്.

വെള്ളിയാഴ്ച ജനറൽ ആശുപത്രിയിലായിരുന്നു പ്രസവം. തിങ്കളാഴ്ച വീട്ടിലെത്തി. രാത്രി കുട്ടിക്കു ക്ഷീണം അനുഭവപ്പെട്ടതിനെ തുടർന്ന് വീണ്ടും ആശുപത്രിയിലെത്തിച്ചുവെങ്കിലും രക്ഷിക്കാനായില്ല. മുലപ്പാൽ തൊണ്ടയിൽ കുടുങ്ങിയതാണ് മരണകാരണമെന്നു ആശുപത്രി അധികൃതർ അറിയിച്ചു.

കൂട്ടക്കൊലയ്ക്ക് ഇടയാക്കിയത് വിവാഹം കഴിപ്പിക്കാത്തതിലുള്ള മാനസിക സമ്മർദ്ദം; പ്രതി റിമാന്റിൽ

ഉദയൻ

മഞ്ചേശ്വരം: പൈവളിഗെ പഞ്ചായത്തിലെ എട്ടാം വാർഡായ കനിയാല, ഗുരുകുമേരിയിൽ വെട്ടേറ്റു മരിച്ച നാലു സഹോദരങ്ങളുടെ മൃതദേഹങ്ങൾ കോവിഡ് പരിശോധനയ്ക്കു ശേഷം പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റു മോർട്ടം ചെയ്തു. ഉച്ചകഴിഞ്ഞ് മൃതദേഹങ്ങൾ നാട്ടിലെത്തിച്ച് സംസ്ക്കരിക്കും.

സഹോദരങ്ങളായ ബാബു, ദേവകി, വിട്ല, സദാശിവ എന്നിവർ മിനിഞ്ഞാന്നു വൈകുന്നേരമാണ് വീട്ടിനകത്തു വച്ച് വെട്ടേറ്റു മരിച്ചത്. കൊല്ലപ്പെട്ടവരുടെ സഹോദരിയായ ലക്ഷ്മിയുടെ മകൻ ഉദയൻ (42) ആണ് കൂട്ടക്കൊല നടത്തിയത്. നാട്ടുകാർ പിടികൂടി പൊലീസിനു കൈമാറിയ പ്രതിയെ കുമ്പള പൊലീസ് ഇൻസ്പെക്ടർ പ്രമോദിന്റെ നേതൃത്വത്തിൽ അറസ്റ്റു ചെയ്തു. കോടതി റിമാന്റ് ചെയ്ത പ്രതിയെ കാറന്റൈനിലാക്കി.

അതേസമയം കൂട്ടക്കൊലപാതകത്തിന്റെ യഥാർത്ഥ കാരണം ഇനിയും കണ്ടെത്താനായിട്ടില്ല. മാനസിക അസ്വാസ്ഥ്യത്തിനു വർഷങ്ങളായി ചികിത്സയിലായിരുന്നു ഉദയൻ. കൊല്ലപ്പെട്ട അമ്മാവന്മാരിൽ ഒരാൾ മാത്രമാണ് വിവാഹിതനായിരുന്നത്. എന്നാൽ വിവാഹ ബന്ധം വേർപിരിഞ്ഞ നിലയിലാണ്. മറ്റു രണ്ടു അമ്മാവന്മാർ അവിവാഹിതരാണ്. പ്രതിയായ ഉദയനും കല്യാണം കഴിച്ചില്ല. ഇതിൽ ഇയാൾ വലിയ മാനസിക പ്രശ്നത്തിലായിരുന്നുവെന്നു പറയുന്നു. കല്യാണത്തെ കുറിച്ച് അമ്മാവന്മാരോട് പല തവണ പറഞ്ഞിട്ടും അനുകൂല നിലപാട് വീട്ടുകാരിൽ നിന്നും ഉണ്ടായിരുന്നില്ലത്രേ. ഇത് ഉദയന് വലിയ മാനസിക പ്രശ്നങ്ങൾ ഉണ്ടാക്കുകയും നേരത്തെ തന്നെ വധഭീഷണി ഉയർത്തിയിരുന്നുവെന്നും അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. കൊലപാതകത്തിലേയ്ക്ക് നയിച്ച കാരണത്തെക്കുറിച്ച് വിശദമായി അന്വേഷിച്ചു വരികയാണെന്നു പൊലീസ് വൃത്തങ്ങൾ പറഞ്ഞു.

പ്രധാനമന്ത്രി ശിലയിട്ടു

രാമക്ഷേത്ര നിർമ്മാണത്തിനു ഭക്തിനിർഭരമായ തുടക്കം

അയോധ്യ: ഭക്തരുടെ അനേക വർഷങ്ങളുടെ കാത്തിരിപ്പിനു ഒടുവിൽ അയോധ്യയിൽ ശ്രീരാമ ക്ഷേത്ര നിർമ്മാണത്തിനു തുടക്കമായി. ഉച്ചയ്ക്ക് പന്ത്രണ്ടര മണിക്കു നടന്ന ഭൂമി പൂജയ്ക്കുശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി 40 കിലോഗ്രാം തൂക്കമുള്ള വെള്ളിക്കട്ടി ശിലയായി സ്ഥാപിച്ചതോടെയാണ് ക്ഷേത്ര നിർമ്മാണത്തിനു ഔദ്യോഗിക തുടക്കമായത്. ആർഎസ്.എസ് സർസംഘചാലക് ഡോ. മോഹൻ ഭാഗവത്, ഉത്തർപ്രദേശ് ഗവർണ്ണർ ആനന്ദിബെൻ പട്ടേൽ, മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, ശ്രീരാമ ജന്മഭൂമി തീർത്ഥ ക്ഷേത്ര ട്രസ്റ്റ് അധ്യക്ഷൻ മഹന്ത് നൃത്യഗോപാൽ ദാസ്, ശ്രീരാമജന്മഭൂമി തീർത്ഥ ക്ഷേത്ര ട്രസ്റ്റ് ജനറൽ സെക്രട്ടറി ചമ്പത് റായി എന്നിവർ പ്രധാനമന്ത്രിക്കൊപ്പം വേദി പങ്കിട്ടു. വിവിധ സന്യാസ പരമ്പരകളിലെ സന്യാസി ശ്രേഷ്ഠന്മാർ ഭൂമിപൂജാ ചടങ്ങുകൾക്ക് സാക്ഷ്യം വഹിച്ചു.ഗംഗ, യമുന, കാവേരി അടക്കമുള്ള നദികളിൽ നിന്നും എത്തിച്ച തീർത്ഥജലവും രണ്ടായിരം തീർത്ഥസ്നാനങ്ങളിൽ നിന്നുള്ള മണ്ണും ഭൂമിപൂജയ്ക്കായി ഉപയോഗിച്ചു. ഹെലികോപ്റ്ററിലാണ് പ്രധാനമന്ത്രി അയോധ്യയിലെത്തിയത്. തുടർന്ന് ഹനുമാൻ ഗഡി ക്ഷേത്രത്തിൽ ദർശനം നടത്തി. രാംലീല ക്ഷേത്രത്തിൽ ദർശനം നടത്തുകയും ക്ഷേത്രവളപ്പിൽ വൃക്ഷത്തൈ നടുകയും ചെയ്തശേഷമാണ് ശിലാസ്ഥാപന ചടങ്ങിനു എത്തിയത്.ചടങ്ങിന്റെ പശ്ചാത്തലത്തിൽ ഉത്തർപ്രദേശിലാകെ കനത്ത സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

പ്രധാനമന്ത്രി നരേന്ദ്രമോദി ഹനുമാൻ ഗഡി ക്ഷേത്രത്തിൽ പ്രാർത്ഥന നടത്തുന്നു.

അഫ്ഗാൻ ജയിൽ ആക്രമണം

പടന്നയിലെ ഇജാസിനെക്കുറിച്ച് വീണ്ടും അന്വേഷിക്കാൻ നിർദ്ദേശം

കാസർകോട്: അഫ്ഗാനിസ്ഥാനിലെ ജലിലാബാദ് ജയിലിൽ തിങ്കളാഴ്ച നടന്ന ഐ.എസ് ആക്രമണത്തിന്റെ മുഖ്യ സൂത്രധാരനെന്നു കരുതുന്ന പടന്ന, കല്ലുകെട്ടിയ പുരയിൽ, ഡോ.കെ.പി.ഇജാസുമായി ബന്ധമുള്ളവരെക്കുറിച്ച് വിശദമായ അന്വേഷണം നടത്താൻ കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ നിർദ്ദേശം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പൊലീസ് ഇന്റലിജൻസും ജില്ലാ പൊലീസ് ഇന്റലിജൻസും അന്വേഷണം നടത്തും. ഇതു സംബന്ധിച്ച നിർദ്ദേശം സംസ്ഥാന പൊലീസ് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നു ഉണ്ടായതായാണ് വിവരം.തീവ്രവാദവുമായി ബന്ധപ്പെട്ട് കാസർകോട് ജില്ലയിലെ പൊലീസ് സ്റ്റേഷനുകളായ വിദ്യാനഗർ, ചന്തേര പൊലീസ് സ്റ്റേഷനുകളിലാണ് നേരത്തെ കേസ് രജിസ്റ്റർ ചെയ്തിരുന്നത്.

ഇജാസിന്റെ നേതൃത്വത്തിൽ ഇന്ത്യ, അഫ്ഗാനിസ്ഥാൻ, താജിക്കിസ്താൻ എന്നിവിടങ്ങളിൽ നിന്നുള്ള മൂന്നുപേർ വീതവും ഒരു പാക് പൗരനും ഉൾപ്പെട്ട സംഘമാണ് അഫ്ഗാനിൽ കഴിഞ്ഞ ദിവസം ഭീകരാക്രമണം നടത്തിയതെന്നാണ് അന്വേഷണ ഏജൻസിക്കു ലഭിച്ചിട്ടുള്ള വിവരം.പടന്ന സ്വദേശിയായ കെ.പി.ഇജാസ് ചൈനയിൽ നിന്നാണ് എം.ബി.ബി.എസ് ബിരുദം സമ്പാദിച്ചത്.

അതിനു ശേഷം നാട്ടിൽ തിരികെയെത്തുകയും വെള്ളരിക്കുണ്ട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ ഓഫീസറായി ജോലി നോക്കുകയും ചെയ്തു.പിന്നീട് വടകരയിലേക്കു മാറി. 2016ൽ ജോ.ഇജാസും സഹോദരൻ ഷായിസും ഇരുവരുടെയും ഭാര്യമാരും ഐ.എസിൽ ചേർന്നുവെന്നാണ് അന്വേഷണ ഏജൻസികൾക്കു ലഭിച്ചിട്ടുള്ള വിവരം. പിന്നീട് ഇവർ ഐഎസിൽ ചേരാനായി നാടുവിട്ടു. ഈ സമയത്ത് ഭാര്യമാർ ഗർഭിണികളായിരുന്നു.

ഐ.എസിൽ ചേർന്നവരെ കുറിച്ചുള്ള അന്വേഷണം ഊർജ്ജിതമാക്കാനും നിർദ്ദേശമുണ്ട്. ഇന്ത്യക്കാരെ ഐ.എസിൽ ചേർത്തതിന്റെ സൂത്രധാരൻ ഇജാസ് ആണെന്നും അധികൃതർ നേരത്തെ വ്യക്തമാക്കിയിരുന്നു.

ചട്ടഞ്ചാൽ സ്വദേശി അജ്മാനിൽ മരിച്ചു

ചട്ടഞ്ചാൽ: പുത്തരിയടുക്കം സ്വദേശിയും ആലംപാടിയിൽ താമസക്കാരനുമായ ഹാരിസ് (47) അജ്മാനിൽ അന്തരിച്ചു. ജോലി കഴിഞ്ഞ ശേഷം താമസസ്ഥലത്തു എത്തിയ ഉടൻ ദേഹാസ്വാസ്ഥ്യം അനുഭവപ്പെടുകയായിരുന്നു. ഉടൻ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

പരേതനായ അബ്ദുൽ ഖാദർ-ബീഫാത്തിമ ദമ്പതികളുടെ മകനാണ്. ഭാര്യ: ആയിഷ.

മക്കൾ: ഫാത്തിമത്ത് ഇശ, ഫാത്തിമത്ത് ദിയ, അബ്ദുൽ ഖാദർ സിയാൻ. സഹോദരങ്ങൾ: നിയാസ്, മുഹമ്മദലി, ഷെഫീഖ്, ഷംസാദ്, സൗബാന, ഷെരീഫ, സാഹിന, തസ്നി. മൃതദേഹം നാട്ടിൽ എത്തിക്കാനുള്ള ശ്രമം തുടരുന്നു.

കാറ്റും മഴയും: ജില്ലയിൽ വ്യാപക നാശം; വൈദ്യുതി വിതരണം താറുമാറായി

കാസർകോട്: ഇന്നലെ രാത്രി ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും ജില്ലയിൽ വ്യാപക നാശം. മരം കടപുഴകി വീണ് വൈദ്യുതി ലൈനുകളും തൂണുകളും തകർന്നു. ഭൂരിഭാഗം പ്രദേശങ്ങളിലും വൈദ്യുതി വിതരണം തടസ്സപ്പെട്ടു. ചില സ്ഥലങ്ങളിൽ മരങ്ങൾ കടപുഴകി വീണു ഗതാഗത തടസ്സം ഉണ്ടായി.

ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട ന്യൂനമർദ്ദം കാരണം കാസർകോട് ഉൾപ്പെടെ സംസ്ഥാനത്തെ ഒൻപതു ജില്ലകളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ച് ജാഗ്രതാ നിർദ്ദേശം നൽകിയതിന് പിന്നാലെ ഇന്നലെ രാത്രി ഒൻപതുമണിയോടെയാണ് ശക്തമായ കാറ്റും മഴയും അനുഭവപ്പെട്ടത്. കരിവേടകം വാട്ടപ്പള്ളിൽ രാജേഷിന്റെ വീടിന് മുകളിൽ മരം കടപുഴകി വീണ് മേൽക്കൂര പൂർണ്ണമായും തകർന്നു. രാജേഷിന്റെ ഭാര്യയും മൂന്ന് വയസുള്ള മകളും തലനാരിഴയ്ക്കാണ് അപകടത്തിൽ നിന്ന് രക്ഷപ്പെട്ടത്. ബന്തടുക്ക ഭാഗങ്ങളിൽ വ്യാപകമായ നാശം ഉണ്ടായി. നിരവധി വൈദ്യുതി തൂണുകൾ തകർന്ന് മലയോരത്തെ വൈദ്യുതി വിതരണം പൂർണ്ണമായും നിലച്ചു. തൃക്കരിപ്പൂരിൽ മരം പൊട്ടിവീണ് മൂന്ന് വൈദ്യുതി പോസ്റ്റുകൾ തകർന്നു.

പരപ്പ, പള്ളത്തുമലയിൽ ഉണ്ടായ ശക്തമായ കാറ്റിൽ മറ്റത്തിൽ ബെന്നിയുടെ വീട് പൂർണ്ണമായും തകർന്നു. മൂലപ്പാറയിൽ മരം വീണ് വൈദ്യുതി തൂണുകൾ തകർന്നു. കനകപ്പള്ളി ആലടിത്തട്ട് റോഡിൽ കൂറ്റൻ മരം വീണ് ഗതാഗതം നിലച്ചു. മലയോരത്ത് വ്യാപകമായ കൃഷി നാശം ഉണ്ടായി.

മരം കടപുഴകി വീണും ലൈനുകൾ പൊട്ടിയും വൈദ്യുതി വിതരണം തടസ്സപ്പെട്ടിട്ടുള്ളതായി വൈദ്യുതി വകുപ്പ് അധികൃതർ അറിയിച്ചു. പ്രശ്നങ്ങൾ പരിഹരിച്ച ശേഷം വൈദ്യുതി വിതരണം പുന:സ്ഥാപിക്കുമെന്ന് അധികൃതർ പറഞ്ഞു.

ശക്തമായ മഴകാരണം തോടുകളിലെയും പുഴകളിലെയും ജലനിരപ്പ് ഉയർന്നു കൊണ്ടിരിക്കുകയാണ്. കടൽ ക്ഷോഭത്തിന് സാധ്യത ഉള്ളതിനാൽ തീരദേശ വാസികളോട് ജാഗ്രതയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കാസർകോട് ജനറലാശുപത്രിക്കു മുന്നിലെ തേക്കു മരം ഒടിഞ്ഞു വൈദ്യുതി പോസ്റ്റിനു മുകളിൽ വീണ നിലയിൽ

ഉപ്പള: ബേക്കൂറിൽ മരങ്ങൾ വ്യാപകമായി കടപുഴകി വീണു വൈദ്യുതി പോസ്റ്റുകൾ തകർന്നു. ബേക്കൂറിൽ നാലു പോസ്റ്റുകൾ തകർന്നു. പച്ചമ്പളയിൽ വൈദ്യുതി പോസ്റ്റും ലൈനുകളും നശിച്ചു. കുക്കാറിൽ ഹൈവേയിൽ മരം വീണു തടസ്സപ്പെട്ട ഗതാഗതം ഫയർഫോഴ്സും പൊലീസും നാട്ടുകാരും ചേർന്നു പുനഃസ്ഥാപിച്ചു.

ഷിറിയ കുക്കാർ പുഴയിൽ വെള്ളം കയറി. തിമ്പറ വയലിൽ വെള്ളം കയറി.

ആദൂർ: സി.എ നഗറിലെ ബീഫാത്തിമയുടെ പണി തീരാത്ത വീടിന്റെ ഓടുമേഞ്ഞ മേൽക്കൂര തകർന്നു.

നാട്ടക്കല്ലിലെ കൊഗ്ഗു, ചനിയ എന്നിവരുടെ ഓടിട്ട വീടുകളും ഭാഗികമായി തകർന്നു. അഡൂർപള്ളഞ്ചി കാട്ടിപ്പാറയിലെ അലീമയുടെ വീടും ഭാഗികമായി നശിച്ചു. കോട്ടൂർ സ്കൂളിനു മുന്നിൽ നിന്ന പ്ലാവ് കടപുഴകി വീണു. ആദൂർ പൊലീസ് സ്റ്റേഷനു മുന്നിൽ നിറുത്തിയിരുന്ന പൊലീസ് ജീപ്പിനു മുകളിൽ മരം പൊട്ടി വീണു നാശം നേരിട്ടു.

ഇന്നലെ രാത്രിയുണ്ടായ ശക്തമായ കാറ്റിൽ കാസർകോട് ജനറൽ ആശുപത്രിക്കു മുന്നിലെ തേക്ക് ഒടിഞ്ഞു വൈദ്യുതി പോസ്റ്റിനു മുകളിൽ വീണു. അപകടത്തെത്തുടർന്നു വൈദ്യുതി വിതരണം തടസ്സപ്പെട്ടു.

ബന്തടുക്ക ചൂരിത്തോട്ടെ മാധവന്റെ വീടിനു കവുങ്ങു വീണു നാശം നേരിട്ടു.

കോട്ടൂർ: ഇന്നലെയുണ്ടായ കനത്ത കാറ്റിൽ കോട്ടൂർ എൽ പി സ്കൂളിന് സമീപമുള്ള കൂറ്റൻ പ്ലാവ് കടപുഴകി വീണു. ബാവിക്കര, കുട്ട്യാനം പ്രദേശങ്ങളിൽ റോഡരികിലെ അക്കേഷ്യാ മരങ്ങൾ കടപുഴകി വീണു. വൈദ്യുതി തൂണും കമ്പിയും പൊട്ടിവീണത് കാരണം വൈദ്യുതി ബന്ധം നിലച്ചു.

കൊറോണയും കാലവർഷവും: മുനിസിപ്പാലിറ്റിക്കു ഇന്റർലോക്ക് മാമാങ്കം

കാസർകോട്: ഓണത്തിനിടക്കു പുട്ടു കച്ചവടം എന്നു പറഞ്ഞപോലെ അതിശക്തമായ മഴയും കാറ്റും തുടർന്നു കൊണ്ടിരിക്കെ കാസർകോട്ടു ടൗണിൽ ഫുട്പാത്തിനും റോഡ് ടാറിംഗിനുമിടയിലുള്ള സ്ഥലത്ത് ഇൻർലോക്ക് സ്ഥാപിക്കൽ പൊടിപൊടിക്കുന്നു.മുനിസിപ്പൽ പരിധിയിൽ ടാർ ചെയ്ത റോഡിനും ഫുട്പാത്തിനുമിടയിൽ എവിടെ സ്ഥലം കണ്ടാലും അവിടെയെല്ലാം ഇൻർലോക്ക് സ്ഥാപിക്കാൻ അധികൃതർ നിർദ്ദേശിച്ചിട്ടുണ്ടെന്നു തൊഴിലാളികൾ പറയുന്നു.നിലത്ത് പൂഴിയോ ചെറിയ ജല്ലിയോ ഒരേ ലെവലിൽ നിരത്തിയ ശേഷമാണ് ഇന്റർലോക്ക് സ്ഥാപിക്കേണ്ടത്. എവിടെയെങ്കിലും ലെവൽ തെറ്റുകയോ നേരിയ ഉയരമോ കുഴിയോ ഉണ്ടാവുകയോ ചെയ്താൽ അവിടെ ഇന്റർലോക്ക് ഇളകുകയും ആ സ്ഥലത്തെ മുഴുവൻ ഇന്റർലോക്കുകളും ഇളകി ജനങ്ങൾക്കു ദ്രോഹമാവുകയും ചെയ്യാവുന്നതാണ്. എന്നാൽ പണി പരിശോധിക്കാൻ പണിയെടുക്കുന്ന തൊഴിലാളികളേ ഉള്ളൂ എന്നു പറയുന്നു.

പൊതുപണം ഒരു പൈസ പോലും നഷ്ടമാവാതെ പ്രയോജനപ്പെടുത്താൻ ശ്രമിക്കേണ്ട അധികൃതർ പണം പാഴാക്കാനുള്ള മാർഗ്ഗങ്ങളാണ് മുനിസിപ്പാലിറ്റിയിൽ നടത്തിക്കൊണ്ടിരിക്കുന്നതെന്നു പരാതിയുണ്ട്. റോഡു നവീകരണത്തിന്റെ ഭാഗമായി ഉണ്ടാക്കിവച്ച സംവിധാനങ്ങൾ ആദ്യമഴക്കു ജനറൽ ആശുപത്രിക്കു മുന്നിൽ ഉണ്ടാക്കിയവർ തന്നെ പൊളിച്ചിരുന്നു. ടൗണിനു മോഡിയുണ്ടാക്കാൻ ഫുട്പാത്തുകളിൽ നേരത്തെ പതിച്ചിരുന്ന ടൈലുകൾ പലേടത്തും ഇളകിക്കഴിഞ്ഞതായും ചൂണ്ടിക്കാട്ടുന്നു.

ഓവുചാലുകൾക്കു മുകളിൽ ഇട്ട സ്ലാബുകൾ ലെവലല്ലാതെയുമുണ്ടെന്നു പരാതിയുണ്ട്. പലേടത്തും സ്ലാബുകൾക്കിടയിലെ വിടവുകൾ അപകട കുഴികളായി വായ് പിളർന്നു കിടക്കുന്നു.

കാസർകോട് ടൗണിലെ ടാർ റോഡിനും ഫുട്പാത്തിനുമിടയിലുള്ള സ്ഥലങ്ങളിൽ മഴയത്തു ഇന്റർലോക്കിടുന്നു

കാസർകോട് കടപ്പുറം അടച്ചു; ഇന്നലെ 49 പേർക്കു കോവിഡ് സ്ഥിരീകരിച്ചു

കാസർകോട്: കാസർകോട് കടപ്പുറത്തു കോവിഡ് വ്യാപനം രൂക്ഷമാവുന്നു.

ഇന്നലെ ഇവിടെ 75 പേരെ പരിശോധിച്ചതിൽ 49 പേർക്കു കോവിഡ് സ്ഥിരീകരിച്ചതായി ആരോഗ്യ പ്രവർത്തകർ അറിയിച്ചു. ഇതിനെത്തുടർന്നു കടപ്പുറം അതീവ സുരക്ഷാമേഖലയായി പ്രഖ്യാപിച്ചു. ഇന്നലെ രോഗംസ്ഥിരീകരിച്ചവരിൽ ആരോഗ്യപ്രവർത്തകരുമുണ്ട്. മിനിഞ്ഞാന്നു ഇവിടെ 24പേർക്കു കോവിഡ് രോഗബാധ സ്ഥിരീകരിച്ചിരുന്നു.

ഇന്നു ഇവിടെയും പരിസരങ്ങളിലും ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ അണുമുക്തമാക്കിക്കൊണ്ടിരിക്കുകയാണ്. ജനങ്ങൾക്കിവിടെ പ്രതിരോധ മരുന്നുകളും വിറ്റാമിൻ സി ഗുളികകളും നൽകുന്നു.

കടപ്പുറത്തു രോഗബാധ കണ്ടെത്തിയവർക്കു രോഗ ലക്ഷണമൊന്നുമില്ലെന്നത് അധികൃതരെ കുഴക്കുന്നു. ഏതെങ്കിലും തരത്തിലുള്ള രോഗ ലക്ഷണം അനുഭവപ്പെടുന്നവർ വിവരം ഉടൻ ആരോഗ്യ വിഭാഗത്തെ അറിയിക്കണമെന്നു ബന്ധപ്പെട്ടവർ നിർദ്ദേശിച്ചു. കോവിഡ് വ്യാപനത്തെത്തുടർന്നു കടപ്പുറത്തേക്കുള്ള റോഡുകൾ പൂർണ്ണമായി അടച്ചു.

ഇവിടെയുള്ളവർക്ക് ആവശ്യമായ ഭക്ഷണ സാധനങ്ങളും മരുന്നും പൊലീസ് എത്തിച്ചു നൽകും. 36-ാം വാർഡിലുള്ളവരെ പുറത്തേക്കു വിടില്ല. പുറത്തു നിന്ന് ആരെയും ഈ വാർഡിൽ കടക്കാൻ അനുവദിക്കുകയുമില്ലെന്നു പൊലീസ് അറിയിച്ചു.കോവിഡ് വ്യാപനം രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മുൻകരുതൽ നടപടികൾ തീരുമാനിക്കുന്നതിനു ഡിഎം ഒയുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പ് അധികൃതർ അടിയന്തിര യോഗം ചേർന്നു. പൊലീസും അധികൃതരും അതീവ ജാഗ്രതയിലാണ്.

അന്തുക്കാ

ഞങ്ങളിതാ പൂർവ്വാധികം ശക്തിയോടെ തിരിച്ചെത്തിയിരിക്കുന്നു!

ഞങ്ങളുടെ എല്ലാവിധ സേവനങ്ങളും ഇന്നു മുതൽ (05.08.2020) പുന:രാരംഭിക്കുന്ന വിവരം ഏവരേയും സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു. ഞങ്ങളുടെ സേവനങ്ങളെല്ലാം പൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ളതാണ്. ആശുപത്രിയുടെ ഓരോ മുക്കും മൂലയും പൂർണ്ണമായും അണുവിമുക്തമാക്കി കഴിഞ്ഞു.

നിങ്ങളുടെ സുരക്ഷ ഞങ്ങളുടെ ധർമ്മം

JH JANARDAN HOSPITALS

BANK ROAD, KASARAGOD-671121
PH:04994 230243, 236555, 9388012170, 9495687892